(ഇ) അവക്ക് ശമ്പളമുണ്ടോ;

(എഫ്) ഈ കമ്മിറ്റിക്കുവേണ്ടി ഇതുവരെ എന്തു തുക ചിലവായി?

വ്യവസായവും എക്സൈസും സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഏകദേശം ഏഴുമാസം.

(ബി) ഡാക്ടർ പി. ജെ. തോമസ്സ്.

(സി) ഇല്ല.

(ഡി) കമ്മിറ്റി തിരഞ്ഞെടുത്തതനുസരിച്ച് ഗവണ്മെണ്ട് നിയമിച്ചു.

(ഇ) ഇല്ല, പ്രതിമാസം 90 രൂപാ ഓണറേറിയം കൊടുക്കുന്നുണ്ട്.

(എഫ്) ഒക്ടോബർ 1-ാംനു-വരെ ചിലവ് 9,000 രൂപാ.

ഉദ്യോഗസ്ഥന്മാരുടെ പ്രമോഷൻ

*൨൭൪. (൩൩) ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് ആലോചിച്ചാണോ നിലവിലുള്ള ഉദ്യോഗസ്ഥന്മാക്കു് പ്രമോഷൻ കൊടുക്കുന്നതു്.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): അല്ല. ഇതിനു മുമ്പുള്ള നിയമനത്തിനല്ലാതെ സാധാരണയുള്ള ഉദ്യോഗക്കയറ്റങ്ങൾക്കു് കമ്മീഷനോടു് ആലോചിക്കേണ്ടതില്ല.

അറസ്റ്റും ദേഹോപദ്രവവും

*൨൭൫. (൩൪) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ —

(എ) കുത്തിയതോട്ടു് പോലീസു് അറസ്റ്റുചെയ്തുയും, ഇപ്പോൾ തടങ്കലിൽ പാർപ്പിച്ചിരിക്കുകയും ചെയ്യുന്നതായി അറിയുന്ന ഒരു മി. വറുഗീസിനെ എന്തു കാരണവശാൽ അറസ്റ്റുചെയ്തു;

(ബി) അറസ്റ്റുചെയ്തതായി അറിയുന്ന മി. വറുഗീസിന്റെ അച്ഛന്റെ ശവസംസ്കാരച്ചടങ്ങുകളിൽ സംബന്ധിച്ചുകൊണ്ടു നില്ക്കുവെ വീട്ടിൽ പ്രവേശിച്ചു ഓടിച്ചു പിടിക്കയായിരുന്നു എന്നറിയുന്നതു് ശരിയാണോ എന്നന്വേഷിക്കുമോ;

(സി) കാലൊടിച്ചു അറസ്റ്റുചെയ്തതായി പത്രങ്ങളിൽ കണ്ട വാർത്തയെ അടിസ്ഥാനമാക്കി ഗവണ്മെണ്ടിൽനിന്നും വല്ല അന്വേഷണവും നടത്തിയോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. വർഗ്ഗീസു് തീവ്രമായ കമ്മ്യൂണിസ്റ്റും, വിദ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതിനാലും, അദ്ദേഹത്തെ അറസ്റ്റുചെയ്തു.

(ബി) അന്വേഷിച്ചു. വാർത്ത ശരിയല്ല.

(സി) അന്വേഷണം നടത്തി. അറസ്റ്റുചെയ്യുന്നതിനെ തടസ്സപ്പെടുത്തുമ്പോൾ അദ്ദേഹത്തിനു് കാലിൽ മുറിവുപറ്റി.

പോലീസു് നെല്ലെടുപ്പു്

*൨൭൬. (൭൦) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കുത്തിയതോട്ടു് പോലീസു് തുറവൂർ പറയകാട്ടിൽ മട്ടപ്പറമ്പു് ശ്രീ. കുഞ്ഞന്റെ വീട്ടിൽനിന്നും ഇരുപതുപറ നെല്ലു് കണ്ടെടുത്തു സ്റ്റേഷനിൽ കൊണ്ടുപോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly